(ബി) ഇതിൽ ഓരോ ജില്ലയും ചെലവഴിച്ച തുക താഴെക്കാണും പ്രകാരമാണ്:

ജില്ല	*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	.. 457
കൊല്ലം	.. 213
പത്തനംതിട്ട	.. 178
ആലപ്പുഴ	.. 251
കോട്ടയം	.. 210
ഇടുക്കി	.. 56
എറണാകുളം	.. 253
തൃശ്ശൂർ	.. 248
പാലക്കാട്	.. 1341
മലപ്പുറം	.. 279
കോഴിക്കോട്	.. 200
വയനാട്	.. 490
കണ്ണൂർ	.. 118
കാസറഗോഡ്	.. 41
ആകെ	.. 4335

(സി) കണ്ണൂർ ജില്ലയിൽ കിണർ നിർമ്മാണം, കിണറിന് ആഴം കൂട്ടൽ, തടയണ നിർമ്മാണം, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീളം കൂട്ടൽ തുടങ്ങിയ വിവിധ പദ്ധതികൾക്ക് 1,83,98,384 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകിയ ഇനത്തിൽ 82.27 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ നൽകേണ്ട ബാക്കിയുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

"2003-04 വർഷം കൃഷി നാശനഷ്ടത്തിന് അനുവദിച്ച തുക"

41 [655] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷത്തെ കാലവർഷത്തിന്റെയും വരൾച്ചയുടെയും ഫലമായി സംസ്ഥാനത്ത് കാർഷിക വിളകൾക്കുണ്ടായ നഷ്ടം എത്രയാണ്;

(ബി) കേന്ദ്ര സർക്കാരിൽനിന്നും കൃഷിക്കാർക്കുള്ള ധനസഹായമായി സംസ്ഥാനത്തിന് എത്ര രൂപയാണ് ലഭിച്ചത്;

(സി) സംസ്ഥാന സർക്കാർ വിവിധ ജില്ലകളിൽ കൃഷിയുടെ നാശനഷ്ടത്തിന് അനുവദിച്ച തുക എത്രയെന്നും ചെലവഴിച്ചത് എത്രയെന്നും വിശദമാക്കാമോ;

(ഡി) ഇപ്പോഴുണ്ടായ കാലവർഷക്കെടുതിയിൽ കൃഷിക്കുണ്ടായ നാശനഷ്ടം എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വരൾച്ചയും കാലവർഷവുംമൂലം 1531.79 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) കൃഷിക്കാർക്കുള്ള ധനസഹായമായി പ്രത്യേക തുക കേന്ദ്ര സർക്കാർ അനുവദിക്കാറില്ല. പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഞ്ചിത നിധിയിൽ നിന്നും ഇതിനുള്ള തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

(സി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനായി 3431.42 ലക്ഷം രൂപ വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

ഇതിനകം 2638.92 ലക്ഷം രൂപ 2,47,492 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ കാലവർഷം മൂലം 177.45 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച ഫീൽഡ് പരിശോധനകൾ നടത്തിവരികയാണ്. അർഹരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 19680 ഹെക്ടറിലെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. ഇതുമൂലം 177.45 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

'വരൾച്ച സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനു നൽകിയ നിവേദനം'

42 [656] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേരളത്തിലുണ്ടായ വരൾച്ച നേരിടുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് എത്ര നിവേദനം നൽകി;

(ബി) നിവേദനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിലേക്ക് എത്ര തുക അനുവദിച്ചുവെന്നും പദ്ധതി തുകയേക്കാൾ എത്ര അധിക തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന് സംസ്ഥാന ഗവൺമെന്റ് എന്തുതുക അനുവദിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ട് നിവേദനം നൽകി.

(ബി) കുടിവെള്ള വിതരണത്തിന് 412.33 കോടി രൂപയും, വാട്ടർ അതോറിറ്റി പദ്ധതികൾക്ക് 74.64 കോടി രൂപയും, കൃഷിനാശത്തിന് 1479.02 കോടി രൂപയും, വരൾച്ച ലഘൂകരണ പ്രവർത്തനങ്ങൾക്ക് 158.91 കോടി രൂപയും, പവർ മേഖലയ്ക്ക് 720.00 കോടി രൂപയും ഉൾപ്പെടെ മൊത്തം 2844.90 കോടി രൂപയുടെ ധനസഹായം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 49.04 കോടി രൂപ കേന്ദ്രം അനുവദിച്ചെങ്കിലും തുക ഇതുവരെ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly